LIBRARY ARCHIVES Kerala Legislative Assembly

## പോലീസ് സ്റ്റേഷനുകളിലും മറ്റും കൂട്ടിയിട്ടിരിക്കുന്ന തൊണ്ടി മുതലുകൾ ലേലം ചെയ്ത് വിൽക്കുന്നതിന് നടപടി

126 (1546) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പോലീസ് സ്റ്റേഷനുകളിലും കളക്ടറേറ്റ്, മറ്റ് റവന്യൂ ആസ്ഥാനങ്ങൾ തുടങ്ങിയവയുടെ പരിസരത്തും വാഹനങ്ങൾ ഉൾപ്പെടെയുള്ള നിരവധി തൊണ്ടിമുതലുകൾ വളരെയേറെ മാർഗ്ഗതടസ്സവും ശല്യമാവുകയും ഇവ ഉപയോഗ ശൂന്യമായി നശിക്കുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം തൊണ്ടിമുതലുകൾ നിശ്ചിത കാലയളവിനുശേഷം ലേലം ചെയ്ത് വിൽക്കുന്നതിനും ഈ തുക സർക്കാർ അക്കൗണ്ടിലോ ട്രഷറിയിലോ സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) കേസ്സിന് വിധി ലഭിക്കുമ്പോൾ അർഹരായവർക്ക് ഈ തുക നൽകുന്നത് ഏറെ പ്രയോജനകരമാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) സ്ഥലപരിമിതി കാരണം വീർപ്പുമുട്ടുന്ന ഇത്തരം ഓഫീസുകളുടെ സ്ഥല സൗകര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം ബദൽ മാർഗ്ഗങ്ങളാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

### ഉത്തരം

(എ) കുറ്റകൃത്യവുമായി ബന്ധപ്പെട്ടും ഉപേക്ഷിക്കപ്പെട്ട നിലയിലും സംശയകരമായ സാഹചര്യത്തിലും കാണപ്പെടുന്ന വാഹനങ്ങൾ കേസ് അന്വേഷണത്തിനും മറ്റു തെളിവ് ശേഖരണത്തിനും വേണ്ടി ബന്തവസ്സിൽ എടുക്കുകയും കോടതിയുടെ അനുമതിയോടുകൂടി ബന്ധപ്പെട്ട ഓഫീസ് പരിസരത്തും ഇതിനുവേണ്ടി പ്രത്യേകം വേർതിരിച്ചിരിക്കുന്ന സ്ഥലത്തും സൂക്ഷിക്കാറുണ്ട്. ഇതിന്റെ ബാഹുല്യം നിമിത്തം വാഹനങ്ങൾ സൂക്ഷിക്കുന്ന സ്ഥലങ്ങൾ തിങ്ങി നിറയുകയും ബുദ്ധിമുട്ടുകൾ ഉണ്ടാവുകയും ക്രമേണ നശിച്ചുപോവുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൊണ്ടിമുതൽ ഒഴികെയുള്ളവ ലേലം ചെയ്തുവിൽക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. 15-12-2014-ലെ ജി.ഒ.(എംഎസ്)550/2014/ഫിൻ. പ്രകാരം വാഹനങ്ങൾ ലേലം ചെയ്യാൻ ബാംഗ്ലൂർ ആസ്ഥാനമായി എം.എസ്.റ്റി.സി ലിമിറ്റഡ് മുഖേന e-auction നടത്തുന്നതിന് മൂന്ന് വർഷത്തേക്ക് സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത സർക്കാർ നിർദ്ദേശം അനുസരിച്ച് e-auction നടത്തുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കേസ്സിന്റെ വിധി ലഭ്യമാകുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച് പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(ഡി) പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കുന്ന സ്ഥലം പ്രത്യേകം കണ്ടെത്തുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C)26277/2014 ആയി ഒരു കേസ് തീർപ്പാക്കുകയും ആയതിൽ പറഞ്ഞിരിക്കുന്ന പ്രകാരം പ്രത്യേകം പ്രത്യേകം സ്ഥലങ്ങൾ കണ്ടെത്താൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കായംകുളം പോലീസ് സ്റ്റേഷന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ നടപടികൾ**

127 (1547) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം പോലീസ് സ്റ്റേഷനിൽ മതിയായ സ്ഥലസൗകര്യങ്ങൾ ഇല്ലാത്തതിനാൽ വനിതാ പോലീസ് ഓഫീസർമാർ അടക്കമുള്ള ജീവനക്കാർക്ക് ഏറെ ബുദ്ധിമുട്ടുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സ്റ്റേഷന് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മതിയായ സൗകര്യങ്ങളില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) (എ) യുടെ വെളിച്ചത്തിൽ ബാധകമല്ല.

**ജൂനിയർ ഹെൽത്ത് നഴ്സ് ജഗദീശന്റെ ആത്മഹത്യ**

128 (1548) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) താൽക്കാലികാടിസ്ഥാനത്തിൽ ജൂനിയർ ഹെൽത്ത് നേഴ്സ് ഗ്രേഡ് II ആയി ജോലി ചെയ്തിരുന്ന കാസർഗോഡ് സ്വദേശി ജഗദീശൻ എന്ന വ്യക്തി തിരുവനന്തപുരത്തെ ലോഡ്ജിൽ തൂങ്ങിമരിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മരണം സംബന്ധിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് സമാന തസ്തികയിൽ താത്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തവരെ സ്ഥിരപ്പെടുത്തി തരാമെന്ന് പറഞ്ഞ് പണം സ്വരൂപിച്ച് നൽകിയ ഇടനിലക്കാരൻ എന്ന നിലയിൽ കബളിപ്പിക്കപ്പെട്ടതാണ് ജഗദീശന്റെ മരണത്തിനിടയാക്കിയതെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly